# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1882 15.07.2016-ൽ മറുപടിയ്ക്ക്**

## ഇടപ്പള്ളി ഫോറസ്റ്റ് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട ഇടപ്പള്ളി ഫോറസ്റ്റ് ഓഫീസിന് സ്വന്തമായി എത്ര സ്ഥലമുണ്ടെന്ന് വിശദീകരിക്കാമോ; | (എ) തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട ഇടപ്പള്ളി ഫോറസ്റ്റ് ഓഫീസിന് സ്വന്തമായി 98 സെന്റ് സ്ഥലമുണ്ട്. |
| ബി) പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരാണുള്ളതെന്ന് വിശദീകരിക്കാമോ; | (ബി) ഇടപ്പള്ളി ഫോറസ്റ്റ് കോംപ്ലക്സിൽ സോഷ്യൽ ഫോറസ്ട്രി സർക്കിൾ ഓഫീസ്, എക്സ്റ്റെൻഷൻ ഓഫീസ്, എറണാകുളം ഡിവിഷണൽ ഓഫീസ്, എറണാകുളം റെയിഞ്ചാഫീസ്, ഇടപ്പള്ളി ഐ.ബി. എന്നിവിടങ്ങളിലായി 5 താൽക്കാലിക ജീവനക്കാരടക്കം 46 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. |
| സി) ഫോറസ്റ്റ് വകുപ്പിന്റെ കൈവശമുള്ള ഈ ഭൂമിയിൽ കൈയ്യേറ്റമെന്തെങ്കിലും നടന്നിട്ടുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | (സി) ഫോറസ്റ്റ് ഓഫീസിന്റെ കൈവശമുള്ള ഭൂമിയുടെ തൊട്ടടുത്ത ഭൂമിയുടെ ഉടമയുമായി ഒരു അതിർത്തി തർക്കം നിലവിലുണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ 08.07.2014-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ അധികൃതർ ഭൂമിയുടെ അതിർത്തി തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

Sd/-

സെക്ഷൻ ഓഫീസർ